(ഇ) തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഗ്രേഡ്-1 ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്ര ജീവനക്കാർ ഇപ്പോൾ സർവ്വീസിലുണ്ട്;

(എഫ്) ഈ ജീവനക്കാരിൽ ആരെങ്കിലും ബ്ലഡ് ബാങ്കിലെ സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലും ഹയർഗ്രേഡും നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ജി) പ്രസ്തുത അപേക്ഷകളിൽമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഈ ജീവനക്കാർക്ക് പ്രസ്തുത ശമ്പളസ്കെയിൽ അനുവദിച്ചു ഹയർഗ്രേഡ് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-2 ആയി നിയമിക്കപ്പെടുന്നതിന് ഒരു അംഗീകൃത സർവ്വകലാശാല യുടെ പ്രീഡിഗ്രി കോഴ്സ് പാസ്സായിരിക്കുകയും കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്നും മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സാവുകയും വേണം.

(ബി) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-1, സയന്റിഫിക് അസിസ്റ്റന്റ്, സീനിയർ സയന്റിഫിക് അസിസ്റ്റന്റ് എന്നിവയാണ് ഇവരുടെ പ്രൊമോഷൻ തസ്തികകൾ.

(സി) നാല്പേർക്ക് സയന്റിഫിക് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) 8 വർഷം പൂർത്തിയാക്കിയ ആർക്കും തന്നെ സയന്റിഫിക് അസിസ്റ്റന്റിന്റെ സ്കെയിലിൽ ഹയർ ഗ്രേഡ് നൽകിയിട്ടില്ല.

(ഇ) ആറ് ജീവനക്കാർ.

(എഫ്)ശ്രീ. പി. രവീന്ദ്രൻ, ശ്രീ. ജയകുമാർ കെ.ബി. ശ്രീമതി ബീന. എൻ, ശ്രീമതി സുമ. കെ.പി എന്നിവർ സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലിൽ ഹയർഗ്രേഡ് നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

(ജി) ഈ വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

214 (2530) റേഡിയോഗ്രാഫർമാരുടെ പ്രൊമോഷൻ

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ 1992 മുതൽ ഉണ്ടായ റേഡിയോഗ്രാഫർ ഗ്രേഡ്-1 തസ്തികയിലെ റേഷ്യോ പ്രമോഷൻ നിർത്തിവച്ചിരിക്കുകയാണോ;

(ബി) ഈ തസ്തികയിലേക്ക് അർഹമായ പ്രൊമോഷൻ നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) അർഹരായ റേഡിയോഗ്രാഫർമാരുടെ പ്രൊമോഷൻ, കോടതി സ്റ്റേ ഉണ്ടെന്ന തെറ്റായ വാദഗതി ഉന്നയിച്ച് തടഞ്ഞുവെച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അർഹമായ റേഡിയോഗ്രാഫർമാർക്ക് അടിയന്തിര പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) 13-10-92 മുതൽ 26-3-99 വരെ കോടതിയുടെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നത്മൂലം പ്രൊമോഷൻ നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകിവരുന്നുണ്ട്.

215 (2531) രണ്ടാം വർഷ എം.ബി.ബി.എസ്-ന് നിലവിലുള്ള ഒഴിവുകൾ

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ രണ്ടാം വർഷ എം.ബി.ബി.എസ്-ന് എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കുമോ;

(ബി) മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ പ്രവേശനം നടത്തിയതുമൂലം ആണ് ഒട്ടനവധി വിദ്യാർത്ഥികൾക്ക് അവരവരുടെ ജില്ലകളിലോ സമീപ ജില്ലകളിലോ ഉള്ള മെഡിക്കൽ കോളേജുകളിൽ സബ്മിഷൻ ലഭിക്കാതിരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ രണ്ടാംവർഷ എം.ബി.ബി.എസ്-ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ ട്രാൻസ്ഫർ/മ്യൂച്ചർ ട്രാൻസ്ഫർ അപേക്ഷകൾ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരോ മെഡിക്കൽ കോളേജ് ഡയറക്ടറോ സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർ അപേക്ഷ സ്വീകരിക്കാത്തതിനാൽ ഇനി ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഇ) രണ്ടാംവർഷ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് അതത്/സമീപ ജില്ലകളിലേക്ക് ട്രാൻസ്ഫർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടാംവർഷ എം.ബി.ബി.എസ് ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 36-ഉം കോട്ടയം മെഡിക്കൽ കോളേജിൽ 16-ഉം സീറ്റുകൾ ഒഴിവുണ്ട്.

(ബി) പ്രവേശന പരീക്ഷയിൽ വിദ്യാർത്ഥികൾ നേടിയ റാങ്കിന്റേയും കൗൺസിലിംഗ് സമയത്ത് അവർ നൽകിയിട്ടുള്ള ഓപ്ഷനുകളുടേയും അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. ഇന്റർവ്യൂ സമയത്ത്, ലഭ്യമായ സീറ്റുകൾ കുട്ടികൾ തന്നെ തെരഞ്ഞെടുക്കുന്നു.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ റഗുലേഷൻസ് പ്രകാരം രണ്ടാം വർഷ എം.ബി.ബി.എസിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly